## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3456 — 14 -03-2017-ൽ മറുപടിക്ക്.

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം — മറുപടി

ശ്രീ. വി.കെ.സി. മമ്മത് കോയ — ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| എ) | അക്ഷയ കേന്ദ്രങ്ങൾ സംബന്ധിച്ച പരാതികൾ എവിടെയാണ് നൽകേണ്ട തെന്ന് വ്യക്തമാക്കുമോ; | എ) | അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച പരാതികൾ അതാത് ജില്ലാ കളക്ടർക്കോ, അക്ഷയ ജില്ലാ ഓഫീസുകളിലോ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അക്ഷയ സംസ്ഥാന ഓഫീസിലോ നൽകാവുന്നതാണ്. |
| ബി) | നിലവിലുള്ള ഒരു അക്ഷയ കേന്ദ്രത്തിന്റെ ഉടമസ്ഥത മാറുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | ബി) | അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ സംരംഭകർ സർക്കാരുമായി ഏർപ്പെടുന്ന എഗ്രിമെന്റ് പ്രകാരം ഒരു അക്ഷയ സംരംഭകൻ മരണപ്പെടുകയോ, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ, ഇന്ത്യയിലോ വിദേശത്തോ ജോലി ലഭിക്കുകയോ ചെയ്യുന്ന അവസരത്തിൽ ടിയാൾ നടത്തിവന്ന അക്ഷയ കേന്ദ്രത്തിന്റെ ഉടമസ്ഥാവകാശം തൊട്ടടുത്ത ബന്ധുവിന് കൈമാറ്റം ചെയ്യാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ ഒരു അക്ഷയ സംരംഭകന് പുതിയ ജോലി ലഭിക്കുകയോ, വിവാഹവുമായി ബന്ധപ്പെട്ടോ, തൊഴിൽ അഭിവൃദ്ധിക്ക വേണ്ടിയോ, അക്ഷയ കേന്ദ്രം പ്രവർത്തിപ്പി ക്കുന്നതിനുള്ള കഴിവില്ലാതെ വരുന്ന സാഹചര്യത്തിലോ പ്രസ്തുത സംരംഭകന് തന്റെ ഉടമസ്ഥാവകാശം പുതിയൊരാൾക്ക് കൈമാറ്റം |

| | | | |
|---|---|---|---|
| | | | ചെയ്യാം. എന്നാൽ ഇത്തരം കൈമാറ്റം മൂന്ന് വർഷത്തിനുശേഷമേ അനുവദിക്കുകയുള്ളൂ. 20.7.2013-ലെ ജി.ഒ.(ആർ.റ്റി.) നം.171/2013/ ഐ.റ്റി.ഡി. സർക്കാർ ഉത്തരവിലെ അക്ഷയ സംരംഭകത്വ എഗ്രിമെന്റിന്റെ ക്ലോസ്-D യിലാണ് മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| സി) | ഗുണപരമായ മത്സരത്തിന്, ഒരു പഞ്ചായത്തിൽ തന്നെ സാധ്യതയ്ക്കനുസരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാൻ കഴിയില്ല. ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ, അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കിലോമീറ്റർ ദൂരപരിധി വേണമെന്ന നിബന്ധനയിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾക്കാണ് നിലവിൽ അനുമതി നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ